"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

നമ്പർ. H3-22675/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം -695 033.
തീയതി: 06.10.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള മാതൃകാ പുനഃരധിവാസ പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന: 19.06.2017 തീയതിയിലെ ഇതേ നമ്പർ കത്ത്.

മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും പുനഃരധിവാസത്തിനുള്ള മാതൃകാപരിപാടിയും നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 2235-02-101-93(P) ശീർഷകത്തിൽ ആകെ 215 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വകുപ്പിലെ NGO പോളിസിയുടെ ഭാഗമായി നടപ്പാക്കേണ്ട പ്രസ്തുത പദ്ധതിയിലേയ്ക്ക് അർഹമായ NGO കളിൽ നിന്നും അപേക്ഷ ലഭ്യമാക്കി സമർപ്പിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ യാതൊരു അപേക്ഷയും ലഭ്യമായിട്ടില്ലാത്തതാണ്. ടി കാരണത്താൽ സാമ്പത്തിക വർഷം പകുതി കഴിഞ്ഞതിനുശേഷവും പ്രസ്തുത ശീർഷകത്തിലെ തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. ടി സാഹചര്യത്തിൽ സൂചന നിർദ്ദേശം പ്രകാരം ജില്ലയിലെ NGO കളുമായി ജില്ലാ സാമൂഹ്യനീതി ഓഫീസർ നേരിട്ട് ഡിസ്കസ് ചെയ്ത് NGO കളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി വിശദമായ അന്വേഷണം നടത്തി വ്യക്തമായ റിപ്പോർട്ടും ശുപാർശയും സഹിതം 21.10.2017 തീയതിയ്ക്കകം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം താങ്കളുടെ ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

PI.